ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് നേഴ്സ് മുതലായവർ ഭവന സന്ദർശനം നടത്തി കൊതുകിന്റെ പ്രജനന കേന്ദ്രങ്ങളെ കണ്ടെത്തി നശിപ്പിക്കുന്ന പ്രവർത്തനങ്ങളും നടത്തി വരുന്നു.

3. എല്ലാ ജില്ലകളിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും, സന്നദ്ധ സംഘടനകളുടെയും ഇതര വകുപ്പുകളുടെയും സഹകരണത്തോടെ പ്രത്യേക ആരോഗ്യ വിദ്യാഭ്യാസ പരിപാടിയും, പ്രതിരോധ നടപടികളും നടത്തുന്നതിനായി ഇന്റർസെക്ടറൽ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.

4. ജില്ലകളുടെ ആവശ്യാനുസരണം ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ രോഗങ്ങൾക്കെതിരെയുള്ള ബിറ്റ് നോട്ടീസുകൾ, ലഘുലേഖകൾ എന്നിവ പുറത്തിറക്കിയിട്ടുണ്ട്.

5. ഫണ്ടിന്റെ പരിമിതി പരിഹരിക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനതല ഇന്റർസെക്ടറൽ മീറ്റിംഗിൽ എല്ലാ വീട്ടിലും ഒരു നോട്ടീസ്/ലഘുലേഖ എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി പബ്ലിക് റിലേഷൻസ് വകുപ്പിനെ ചുമതലപ്പെടുത്തി.

6. സംസ്ഥാനത്ത് ബോധവൽക്കരണം ഊർജിതപ്പെടുത്തുന്നതിന് ദൂരദർശനിലൂടെ ഒരു മണിക്കൂർ ദൈർഘ്യമുള്ള രണ്ട് ചോദ്യോത്തര പരിപാടികൾ ആരോഗ്യ വകുപ്പ് അഡിഷണൽ ഡയറക്ടറും, വിദഗ്ദ്ധ ഡോക്ടർമാരും പങ്കെടുത്ത പരിപാടി അവതരിപ്പിച്ചുവരുന്നു.

7. ഡെങ്കിപ്പനിയെക്കുറിച്ച് ഒരു ഹ്രസ്വമായ സ്പോട്ട് വിവിധ ചാനലുകളിൽ സംപ്രേഷണം ചെയ്യുവാനായി ഉണ്ടാക്കി തുടർ നടപടികൾ എടുത്തു വരുന്നു.

8. സ്കൂൾ തലത്തിൽ പി. റ്റി. എ. സയൻസ് ക്ളാസ്, എൻ. സി. സി., എൻ. എസ്. എസ്. എന്നീ വിഭാഗങ്ങളുടെയും, വിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടുകൂടി എല്ലാ സ്കൂളുകളിലും ബോധവൽക്കരണ പരിപാടികൾ ആരംഭിച്ചു കഴിഞ്ഞു.

9. ആരോഗ്യ വകുപ്പ് പ്രവർത്തകരും എല്ലാ ജില്ലകളിലുള്ള സ്കൂളുകളിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ആരോഗ്യ വകുപ്പിൽ വിദേശ ധനസഹായത്തോടെയുള്ള പദ്ധതികൾ

180 [1786] *ഡോ. തോമസ് ഐസക്* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ആരോഗ്യ വകുപ്പിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു; ഈ പദ്ധതികൾ ഓരോന്നിന്റെയും ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ പദ്ധതിക്കും ലഭിക്കുന്ന ധനസഹായത്തിൽ എന്തു തുക വീതം ഗ്രാന്റായും വായ്പയായും ലഭിക്കുമെന്നും തിരിച്ചടയ്ക്കേണ്ട തുക, പലിശ നിരക്ക്, തിരിച്ചടവ് കാലാവധി എന്നിവയും കൂടി വ്യക്തമാക്കുമോ;

(സി) ഓരോ പദ്ധതിയിൻമേലും ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾ മുന്നോട്ട് വച്ചിട്ടുള്ള നിബന്ധനകൾ എന്തൊക്കെയെന്നും അവ ഓരോന്നിൻമേലും സർക്കാർ കൈക്കൊണ്ടിട്ടുള്ള തീരുമാനം എന്താണെന്നും വിശദമാക്കുമോ ;

(ഡി) പദ്ധതിരേഖയുടെ ഓരോ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ആരോഗ്യ വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ ഉദ്ദേശലക്ഷ്യങ്ങളും താഴെ കൊടുക്കുന്നു.

1. *യൂറോപ്യൻ കമ്മീഷൻ സെക്ടർ ഇൻവെസ്റ്റ്മെന്റ് പ്രോഗ്രാം*

ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ കുടുംബ ക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങളെപ്പറ്റി പഠനം നടത്തുകയും അവ മെച്ചമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക, ഒരു വിഭാഗം ജീവനക്കാരുടെ ജോലിയും ഉത്തരവാദിത്തങ്ങളും നിർണ്ണയിക്കുകയും പുനനിർണ്ണയിക്കുകയും ചെയ്യുക. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളെ ഒരു പ്രത്യേക മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കുക, സെക്രട്ടേറിയറ്റിലെ ആരോഗ്യ വകുപ്പിനെ ആധുനികവൽക്കരിക്കുക, കേരളത്തിലെ രണ്ടാംനിര ആശുപത്രികളുടെ സേവനങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി പദ്ധതി തയ്യാറാക്കുക, ഹെൽത്ത് വിഷൻ ഡോക്കുമെന്റ് തയ്യാറാക്കുക, ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സംവിധാനം സ്ഥാപിക്കുക, ആരോഗ്യ വകുപ്പിനുവേണ്ടി മലയാളം സോഫ്റ്റ്വെയർ തയ്യാറാക്കുക, വിവിധ ആരോഗ്യ സ്ഥാപനങ്ങളിലെ സേവനവും സൗകര്യവും മെച്ചപ്പെടുത്തുന്നതിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയവയാണ് ഈ പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പ്രധാന പ്രവർത്തനങ്ങൾ.

2. *എയ്ഡ്സ് നിയന്ത്രണ പരിപാടി*

സർക്കാർ മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങൾ വഴിയും തിരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകൾ മുഖേനയും എയ്ഡ്സ് നിയന്ത്രണത്തിനായുള്ള വിവിധ പദ്ധതികൾ എയ്ഡ്സ് കൺട്രോൾ സൊസൈറ്റി നടപ്പിലാക്കുന്നു. രക്തബാങ്കുകളുടെ നവീകരണവും പുനരുദ്ധാരണവും എയ്ഡ്സ് രോഗികൾക്കായുള്ള പരിചരണ കേന്ദ്രങ്ങൾ എയ്ഡ്സ് പരിശോധനാകേന്ദ്രങ്ങൾ കൗൺസിലിംഗ്

LIBRARY ARCHIVES Kerala Legislative Assembly

സെന്ററുകൾ മരുന്നുകൾ റീ ഏജന്റ് എന്നിവയുടെ വിതരണം അവബോധ പ്രവർത്തനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

3. *കുഷ്ഠരോഗ നിർമാർജ്ജന പദ്ധതി*

കുഷ്ഠരോഗത്തെപ്പറ്റി ജനങ്ങളുടെ ഇടയിൽ ശരിയായ അവബോധമുണ്ടാക്കുക കുഷ്ഠരോഗ ബാധിതരുടെ എണ്ണം കുറച്ച് കൊണ്ടുവരുക എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

4. *പുതുക്കിയ ക്ഷയരോഗ പദ്ധതി*

ക്ഷയരോഗംമൂലമുള്ള മരണസംഖ്യ കുറയ്ക്കുക, രോഗവാഹകരായിട്ടുള്ളവരെ കണ്ടെത്തുക, തുടർ ചികിൽസ നടത്തുക എന്നീ പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി നടത്തുന്നു.

5. *പ്രജനന ശിശു ആരോഗ്യ പദ്ധതി*

മാതൃ ശിശു ചികിൽസാരംഗത്ത് മെച്ചപ്പെട്ട സേവനം നൽകുവാൻ ഉദ്ദേശിച്ചുള്ള ഈ പദ്ധതി പ്രകാരം ഗർഭിണികൾക്ക് ഗർഭകാല പരിശോധനയും പരിചരണവും പ്രസവചികിൽസ, ശിശുക്കൾക്ക് പ്രതിരോധ കുത്തിവയ്പുകൾ എന്നിവ നൽകുന്നു.

(ബി) ധനസഹായം ഗ്രാന്റായാണ് ലഭിക്കുന്നത്. വായ്പയോ തിരിച്ചടവ് കാലാവധിയോ ഇല്ല.

(സി) ഓരോ പദ്ധതിക്കും അനുവദിക്കുന്ന തുക അതാത് പദ്ധതി പ്രവർത്തനങ്ങൾക്കു മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മറ്റ് നിബന്ധനകൾ ഒന്നും തന്നെയില്ല.

(ഡി) പദ്ധതിരേഖകൾ ബൃഹത്തായവയായതിനാൽ യൂറോപ്യൻ കമ്മീഷൻ, ലെപ്രസി, എയ്ഡ്സ് എന്നിവയെ സംബന്ധിച്ച പദ്ധതി രേഖകളുടെ ഒരു പകർപ്പ് റഫറൻസിനായി ഇതോടോപ്പം സമർപ്പിക്കുന്നു.

ആരോഗ്യ രംഗത്തെ സ്വകാര്യവൽക്കരണം

181 [1787] *ശ്രീ. മഞ്ഞളാംകുഴി അലി* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യരംഗം സ്വകാര്യവത്ക്കരിക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ലോകബാങ്ക് പ്രതിനിധികൾ സംസ്ഥാന സർക്കാരുമായി ഇതു സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ചർച്ചയിൽ ഉന്നയിക്കപ്പെട്ട വിഷയങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly